(സി)

സാമ്പത്തിക വർഷം	തനത് നികുതി വരുമാനം		തനത് നികുതി യേതര വരുമാനം	
	ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ)	ലഭിച്ച വരുമാനം (ശതമാനത്തിൽ)	ബഡ്ജറ്റ് എസ്റ്റിമേറ്റ് (കോടി രൂപയിൽ)	ലഭിച്ച വരുമാനം (ശതമാനത്തിൽ)
2011-12	26,641.53	96.53	2,530.94	102.41
2012-13	32,122.21	93.66	3,495.41	120.11
2013-14	38,771.10	82.52	4,921.57	113.27
2014-15	42,467.49	82.96	6337.47	114.93

ബഡ്ജറ്റ്

152 (124) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടില്ലാത്ത പദ്ധതികളുടെ തുടർ നിർവ്വഹണത്തിന് മതിയായ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നോ;

(ബി) മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് 2015-16 വർഷത്തെ ബഡ്ജറ്റിൽ തുടർ പദ്ധതി നിർവ്വഹണത്തിന് പണം വകയിരുത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വിശദമാക്കാമോ; തുക വകയിരുത്തിയിട്ടും നടപ്പിലാക്കിയിട്ടില്ലാത്ത ഈ സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ പ്രഖ്യാപിച്ച എത്ര പദ്ധതികൾ തുടർന്നുള്ള ബഡ്ജറ്റുകളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ നടപ്പിലാക്കുവാൻ സാധിക്കാതെ പോയിട്ടുണ്ട്; അവ ഏതൊക്കെ; വിശദമാക്കാമോ;

(ഡി) 2016-17 വർഷത്തേക്കുള്ള ബഡ്ജറ്റിൽ ഈ സർക്കാർ ഇതിനകം പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കാൻ സാദ്ധ്യമാകുംവിധം മതിയായ ബഡ്ജറ്റ് വിഹിതം വകയിരുത്തിക്കൊണ്ടുള്ളതായിരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നേടിയ പദ്ധതികൾക്ക് ഭരണ വകുപ്പ് നിർദ്ദേശങ്ങൾ പരിഗണിച്ച് 2015-16 വർഷം വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് ബഡ്ജറ്റ് വിഭാഗത്തിൽ ഇപ്പോൾ സൂക്ഷിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുമതി ഉത്തരവുകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി വിഹിതം 2015-16 വർഷം അനുവദിച്ചുവരുന്നു.

(സി) മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിന്റെ പേരിൽ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രഖ്യാപിച്ച പദ്ധതികൾ വിവിധ ഭരണ വകുപ്പുകൾ മുഖേനയാണ് നിർവ്വഹിക്കപ്പെടുന്നത്. ഈ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ള ശിപാർശ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ആവശ്യമായ ഭരണാനുമതിയും വിശദാംശങ്ങളും സഹിതം ഭരണവകുപ്പ് ശിപാർശ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

(ഡി) പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികൾക്കും പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികൾക്കും വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് വിഹിതം വകയിരുത്തുന്നത്. 2016-17 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് ഫെബ്രുവരി 12-ാം തീയതി നിയമസഭയിൽ സമർപ്പിക്കുന്നതാണ്.

ബഡ്ജറ്റ് വിഹിതം

153 (125) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly